ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള കാര്യം വളരെ ശ്രദ്ധേയമായിട്ടുള്ളതാണ്. അവർ പലിശ വാങ്ങി തെറ്റായ മാർഗ്ഗം സ്വീകരിക്കുന്നുണ്ടെങ്കിലും മദ്രസാ അദ്ധ്യാപകർ ആ വിധത്തിൽപ്പെടാൻ പാടില്ലെന്നുള്ള സദുദ്ദേശമാണ് പ്രകടിപ്പിച്ചത്. അതുകൊണ്ട് അതിൽ യാതൊരു തെറ്റുമില്ല.

ശ്രീ. പി. എം. എ. സലാം: സർ, കേരളത്തിൽ ഏതാണ്ട് ഒരു ലക്ഷത്തോളം മദ്രസാ അദ്ധ്യാപകരുണ്ടെന്നാണ് കണക്ക്. ഇതിൽ മുന്നൂറിൽ താഴെ പേരാണ് ഒന്നരക്കൊല്ലംകൊണ്ട് ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തത്. എന്തുകൊണ്ടാണ് ഇത്രയും കുറഞ്ഞ പങ്കാളിത്തമുണ്ടായത് എന്ന് പരിശോധിക്കുവാനാണ് കോഴിക്കോട്ട് മുസ്ലീം സംഘടനയുടെ യോഗം വിളിച്ചു കൂട്ടിയത്. ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അവിടെ പങ്കെടുത്ത എല്ലാ മുസ്ലീം സംഘടനകളും ഈ പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന അപാകതകളും പലിശയുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ അപാകതകളും പരിഹരിച്ച് മുന്നോട്ടു കൊണ്ടുപോകണമെന്നാണ് നിർദ്ദേശിച്ചത്. അതാണ് ബഹുമാനപ്പെട്ട മന്ത്രി ആ യോഗത്തിലെ നിർദ്ദേശങ്ങൾ ഇവിടെ പറഞ്ഞത്. 276-ഓ മറ്റോ ആളുകളായിരുന്നു രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നത്. ഒരു ലക്ഷത്തിൽ ഇത്ര കുറഞ്ഞ പ്രാതിനിധ്യം കിട്ടിയതുതന്നെ ഏതെങ്കിലും സംഘടനകൾ അതിനെ തടുത്തതുകൊണ്ടല്ല എന്നുള്ളത് വ്യക്തമാണ്. ഈ അപാകതകൾ പരിഹരിച്ച് മുന്നോട്ടു പോകുമെന്ന് ആ യോഗത്തിനുശേഷം ബഹുമാനപ്പെട്ട മന്ത്രി പത്രക്കാരോടും പറഞ്ഞതാണ്. എന്തായിരുന്നു അതിനുള്ള നിർദ്ദേശങ്ങൾ; ആ അപാകതകൾ പരിഹരിച്ചോ; ഇല്ലെങ്കിൽ അത് എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ആദ്യം സർവ്വീസ് ബാങ്കിലാണ് അദ്ധ്യാപകരുടെ വിഹിതം അടയ്ക്കേണ്ടത് എന്നുള്ളതായിരുന്നു നമ്മൾ നിർദ്ദേശിച്ചിരുന്നത്. ചർച്ചയുടെ അടിസ്ഥാനത്തിൽ അതുമാറ്റി പോസ്റ്റോഫീസ് വഴി ഗവൺമെന്റിലേയ്ക്ക് നിക്ഷേപിക്കുവാൻ പറഞ്ഞു. ഗവൺമെന്റിന്റെ നിക്ഷേപമായി ആ പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചു. ഇതാണ് മാറ്റം. അതിന്റെ ഭാഗമായി ആദ്യത്തെ സ്ഥിതി മാറിയിട്ടുണ്ട്. കുറേയധികം അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ-33

ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം

3(*33) ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. അൽഫോൺസ് കണ്ണന്താനം:
ശ്രീ. എം. ഹംസ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രാഫിക് നിയന്ത്രണത്തിനായി എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്; ഇവരെ സഹായിക്കുന്നതിനായി എത്ര ഹോംഗാർഡുകളെ നിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ട്രാഫിക് പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുമോ;

(ഡി) ട്രാഫിക് കുറ്റകൃത്യങ്ങളുടെ പേരിൽ ഈ വർഷം ഇതുവരെ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ട്രാഫിക് നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് നിരീക്ഷണ ക്യാമറകളും മറ്റു ശാസ്ത്രീയ മാർഗ്ഗങ്ങളും അവലംബിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എഫ്) കൂടുതൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ട്രാഫിക് ചിഹ്നങ്ങളും ട്രാഫിക് മുന്നറിയിപ്പുകളും ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,

(എ) പോലീസ് വകുപ്പിൽ ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

ട്രാഫിക് സുരക്ഷയുമായി ബന്ധപ്പെട്ട് നിയമങ്ങൾ നടപ്പാക്കുന്നതിലേക്കും, മെച്ചപ്പെട്ട ട്രാഫിക് സംവിധാനം ഉറപ്പാക്കുന്നതിലേയ്ക്കുമായി പോലീസ് ഇൻസ്പെക്ടർ ജനറൽ ട്രാഫിക് തസ്തിക സൃഷ്ടിച്ച് പ്രവർത്തനം നടത്തി വരുന്നു. ഈ തസ്തിക പിന്നീട് പോലീസ് ഇൻസ്പെക്ടർ ജനറൽ (ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ്)എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ട്രാഫിക് സേഫ്റ്റി വിംഗിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉത്തരമേഖലയിലും, ദക്ഷിണ മേഖലയിലും ഓരോ പോലീസ് സൂപ്രണ്ടിന്റെ (Non IPS) തസ്തിക 4-2-2011-ലെ G.O.(MS)N0.26/2011/Home പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ട്രാഫിക് പോലീസുദ്യോഗസ്ഥരെ ട്രാഫിക് നിയന്ത്രണത്തിൽ സഹായിക്കുന്നതിലേയ്ക്കായി 1853 ഹോം ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്.

ട്രാഫിക് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ പ്രവർത്തികൾ (കേരളാ റോഡ് സേഫ്റ്റി അതോറിറ്റി അനുവദിച്ച തുക വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ), പോലീസ് ആധുനികവൽക്കരണ പദ്ധതി, പ്ലാൻ സ്കീം എന്നിവയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ രൂപീകരിച്ച റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ച 355 ലക്ഷം രൂപ വിനിയോഗിച്ച് സ്പീഡ്

LIBRARY ARCHIVES Kerala Legislative Assembly

ഡിറ്റക്ഷൻ ക്യാമറകൾ, സ്പീഡ് റഡാറുകൾ, ആൽക്കോമീറ്ററുകൾ, റിഫ്ളക്ടീവ് ബാറ്റണുകൾ, റിഫ്ളക്ടീവ് ജാക്കറ്റുകൾ, സർച്ച് ലൈറ്റുകൾ ട്രാഫിക് കോണുകൾ എന്നിവ വാങ്ങി എല്ലാ ജില്ലകളിലും വിതരണം ചെയ്യുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

പോലീസ് ആധുനികവൽക്കരണ പദ്ധതി (MOPF) പ്രകാരം 2005-06 മുതൽ 2010-11 വരെ വിവിധ ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ആകെ 4,56,86,429 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ബി) ട്രാഫിക് നിയന്ത്രണങ്ങൾക്കും, ട്രാഫിക് കേസുകളുടെ അന്വേഷണങ്ങൾ നടത്തുന്നതിനുമായി സംസ്ഥാനത്ത് 9 ട്രാഫിക് പോലീസ് സ്റ്റേഷനുകളും, 43 ട്രാഫിക് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ട്രാഫിക് നിയന്ത്രണത്തിനായി 2414 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി 1853 ഹോം ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്.

(സി) വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ട്രാഫിക് പോലീസുദ്യോഗസ്ഥരുടെ എണ്ണത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. ട്രാഫിക് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്ക് Budget Speech- ൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം പോലീസ് ആസ്ഥാനത്ത് നിന്നും ട്രാഫിക് ട്രൂപ്പേഴ്സ് എന്ന പേരിൽ, ഒരു സ്പെഷ്യലിസ്റ്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ഇതുകൂടാതെ പുതുതായി ട്രാഫിക് യൂണിറ്റുകൾ ആരംഭിക്കുന്നതിനും, ട്രാഫിക് യൂണിറ്റുകളിൽ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളും പരിശോധിച്ചു വരുന്നു.

ട്രാഫിക് സേഫ്റ്റി വിംഗിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉത്തര മേഖലയിലും ദക്ഷിണ മേഖലയിലും ഓരോ പോലീസ് സൂപ്രണ്ടിന്റെ (Non IPS) തസ്തിക 4-2-2011-ലെ GO.(MS)No.26/2011/Home നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി) ട്രാഫിക് കുറ്റകൃത്യങ്ങളുടെ പേരിൽ 2010, 2011 (31-1-2011 വരെ) വർഷങ്ങളിൽ നടപടി സ്വീകരിച്ചവരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

2010			2011 ജനുവരി മാസം		
പിഴ ചുമത്തിയവരുടെ എണ്ണം	കേസ്സ്രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം	മറ്റുനടപടികൾ സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം	പിഴചുമത്തിയവരുടെ എണ്ണം	കേസ്സ്രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം	മറ്റുനടപടികൾ സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം
23,70,534	2,35,061	1,90,795	1,93,601	19,646	3,660

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ട്രാഫിക് നിയമലംഘനം കണ്ടുപിടിക്കുന്നതിന് തിരുവനന്തപുരത്ത് 12-ഉം, കൊച്ചിയിൽ 15-ഉം , കോഴിക്കോട് 3-ഉം , നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ 15 നിരീക്ഷണ ക്യാമറകൾ കൂടി സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതുകൂടാതെ സ്പീഡ് റഡാറുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ ആൽക്കോമീറ്ററുകൾ, ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവയും ഉപയോഗിച്ച് വരുന്നു.

(എഫ്) ട്രാഫിക് ലൈറ്റുകൾ, വേഗപരിധി ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. അപകടമേഖലകളിൽ ഇത്തരത്തിലുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ട്രാഫിക് രംഗത്ത് നൂതനമായ നിരവധി പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് ഈ വകുപ്പ് ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്. ഇന്നലത്തെ പത്രത്തിൽ കൂടി ഒരു വാർത്ത വന്നു. അപകടം സംഭവിച്ച് റോഡിൽ കിടന്ന് രക്തം വാർന്ന് മരിക്കുന്ന ആളുകളുടെ എണ്ണം കൂടി വരികയാണ്. അപകടങ്ങളും കൂടി വരികയാണ്. ഈ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ഇത്തരം ആളുകളെ ആശുപത്രിയിൽ എത്തിക്കാൻ വേണ്ടി സാധാരണ കണ്ടു നിൽക്കുന്ന ആളുകൾ ശ്രമിക്കുന്നില്ല. അങ്ങനെ എത്തിക്കുന്നവർക്ക് എന്തെങ്കിലും പ്രതിഫലം കൊടുക്കുന്ന ഏർപ്പാട് ചെയ്യാൻ കഴിയുമോ? പല സ്വകാര്യ ആശുപത്രികളിലും ഇപ്പോൾ ഇത്തരം ആളുകളെ ആശുപത്രിയിൽ എത്തിച്ചാൽ അതിന് പ്രതിഫലം കൊടുക്കുന്ന ഏർപ്പാട് ഉണ്ട്. ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ബാബു എം. പാലിശ്ശേരി പറഞ്ഞ പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. അപകടത്തിൽപ്പെടുന്ന ആളുകൾ പലരും മരണപ്പെടുന്നത് പെട്ടന്ന് ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തതുകൊണ്ടാണ്. നമ്മുടെ കൺമുന്നിൽ ഒരാൾ പരിക്കേറ്റ് കിടക്കുമ്പോൾ പോലും എടുത്ത് ആശുപത്രിയിൽ എത്തിക്കാനുള്ള മനോഭാവമില്ല. മാത്രമല്ല അങ്ങനെ എത്തിക്കുന്ന ആളുകളെല്ലാം കേസിൽ സാക്ഷി ആയിപ്പോകേണ്ടി വരുമെന്നുള്ള സ്ഥിതിവിശേഷവും എങ്ങനെയോ കടന്നു കൂടിയതിന്റെ ഫലമായി പലരും തിരിഞ്ഞുനോക്കാതെ പോകുകയാണ്. ഇതിന് ഒരു മാറ്റം വരുത്തണമെന്നുണ്ട്. ആരെങ്കിലും വഴിയിൽ കിടക്കുന്ന ഒരാളെ ആശുപത്രിയിൽ എത്തിച്ചു എന്ന കാരണത്താൽ അയാളെ സാക്ഷിയാക്കാൻ പാടില്ലെന്നുള്ള കർശന നിർദ്ദേശമടങ്ങുന്ന സർക്കുലർ ഡി.ജി.പി. അയച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ റോഡപകടങ്ങളിൽപ്പെട്ട് പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്ന ആളിന് ആശുപത്രിയിൽ എത്തിക്കാൻ വരുന്ന ചെലവ് എത്രയാണെങ്കിലും അത് പോലീസ് വകുപ്പ് വഹിക്കും. അതിനുവേണ്ടി പതിനൊന്ന് ലക്ഷം രൂപ ഇപ്പോൾ ഗവൺമെന്റ് നീക്കി വച്ചിട്ടുണ്ട്. എല്ലാ പോലീസ് സൂപ്രണ്ടുമാർക്കും ഈ തുക നൽകിയിട്ടുണ്ട്. ആശുപത്രിയിൽ ഒരാളെ എത്തിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട പോലീസിനു വിവരം കൊടുത്താൽ 200 രൂപ അതിന് കൊടുക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ക്രമീകരണം ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. കൂടുതൽ ചെലവ് ആവശ്യമാണെങ്കിൽ അത് കൊടുക്കാനുള്ള നടപടി പോലീസ് ജില്ലാ സൂപ്രണ്ടിന് സ്വീകരിക്കാം. ഇതിന്വേണ്ടത്ര പ്രചരണം എന്തുകൊണ്ടോ കിട്ടിയിട്ടില്ല. പലർക്കും അറിയില്ല. അതുകൊണ്ട് ഇക്കാര്യം സംബന്ധിച്ച് കൂടുതൽ പ്രചരണം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പതിനൊന്ന് ലക്ഷം രൂപ ഇപ്പോൾ തന്നെ ഇതിനു വേണ്ടി മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ട്രാഫിക് പരിശോധന മുറയ്ക്ക് നടക്കേണ്ടതാണ്. യാതൊരു സംശയവുമില്ല. പക്ഷേ ട്രാഫിക് പരിശോധനയുടെ പേരിൽ പലപ്പോഴും ആളുകൾ വല്ലാതെ വേട്ടയാടപ്പെടുന്നുണ്ട്. ഹെൽമറ്റ് ധരിക്കണം, അത് അയാളുടെ സുരക്ഷിതത്വത്തിന്റെ കൂടിപ്രശ്നമാണ്. പലപ്പോഴും ട്രാഫിക് പരിശോധന മറയാക്കിക്കൊണ്ടുള്ള ഹെൽമറ്റ് വേട്ട പലയിടത്തും നടക്കുന്നുണ്ട്. എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണ്, ധാരാളം ആളുകൾ വന്നുകൂടുന്ന ഗുരുവായൂർ പോലുള്ള സ്ഥലങ്ങളിൽ അവിടുത്തെ പോലീസ് നടത്തുന്ന ഒരു ട്രാഫിക് വേട്ട പലപ്പോഴും വിമർശനത്തിന് ഇടയാക്കിയിട്ടുണ്ട്. ഇത് പലയിടത്തും നടക്കുന്നുമുണ്ട്. ഹെൽമറ്റ് ധരിക്കാത്തത് ആ ആൾക്കുംകൂടി ബാധകമായ പ്രശ്നമാണ്. ഇത്ര ഏറെ നടത്തേണ്ടതുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇരുചക്ര വാഹനക്കാർ ഹെൽമറ്റ് ധരിക്കണമെന്നുള്ളത് കേന്ദ്ര ട്രാഫിക് നിയമത്തിൽ ഉള്ളതാണ്. നമുക്കത് മാറ്റാൻ സാധിക്കുന്നതല്ല. നിയമം കർശനമായി നടപ്പിലാക്കേണ്ടി വരുന്നത്, ഇരു ചക്രവാഹനക്കാരാണ് അപകടത്തിൽ കൂടുതൽ മരണപ്പെടുന്നത് എന്നുള്ളതുകൊണ്ടാണ്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ഇരുചക്ര വാഹനക്കാർ ഹെൽമറ്റ് ധരിക്കണം അപകടം ഉണ്ടാകുമ്പോൾ അവർക്ക് പരിക്കേൽക്കാതിരിക്കാനും പരിക്കിന്റെ കാഠിന്യം കുറയ്ക്കാനും ഇത് സഹായകമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ അത് പരിശോധിക്കാൻ പോലും തയ്യാറാകുന്നില്ലെങ്കിൽ ആരും ഇത് ധരിക്കാൻ പോകുന്നില്ല. ഹെൽമറ്റ് പരിശോധിക്കുമ്പോൾ അത് ഉപയോഗിക്കാത്ത ആളുകൾക്ക് ഈ പരിശോധന ഇഷ്ടപ്പെടാറില്ല. അങ്ങനെ സ്വാഭാവികമായി ഹെൽമറ്റ് വേണ്ട എന്നുപറഞ്ഞ് പ്രചരണം സംഘടിപ്പിക്കുന്നുണ്ട്. ഇപ്പോൾ ക്യാമറ സിസ്റ്റം വച്ച സ്ഥലത്ത് പോലീസ് നേരിട്ട് പരിശോധിക്കാതെ തന്നെ ഹെൽമറ്റ് ധരിക്കാത്ത ആളുകളെ കണ്ടുപിടിക്കാനും അവർക്ക് നോട്ടീസ് കൊടുക്കാനുമുള്ള ക്രമീകരണം ഉണ്ട്. പക്ഷേ പരിശോധന കുറച്ച് മാന്യമായ നിലയിലും ഒരു ഹാസ്സെന്റ് എന്ന് തോന്നാത്ത വിധത്തിലും നടത്തുന്നതിനുമുള്ള നിർദ്ദേശം കൊടുക്കാം. നിയമം നടപ്പാക്കേണ്ട എന്ന് പറയാൻ ഗവൺമെന്റിന് സാധ്യമല്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, അങ്ങ് ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ എന്റെ കംപ്ലെയിന്റ് അങ്ങ് ട്രാഫിക് വേട്ട നടത്തുന്നില്ലെന്നുള്ളതാണ്. ഞാൻ ഇന്നലെ രാത്രി കൊച്ചിയിൽ നിന്ന് പാതിരാത്രി വണ്ടി ഓടിച്ച് വന്നപ്പോൾ ആയിരം പ്രാവശ്യം ട്രാഫിക് പോലീസുകാരെ കണ്ടു. ഒരു ഒറ്റ പോലീസുകാരും ആരെയും പിടിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഫോറിനിൽ ഒക്കെ നിരീക്ഷണ ക്യാമറയും റഡാറും ഒക്കെ നേരെ കംപ്യൂട്ടറിലേക്ക് കണക്ട് ചെയ്തിട്ട് നേരെ ഇ-മെയിലിലേക്ക്, നിയമം ലംഘിച്ചാൽ ആ നിമിഷം നോട്ടീസ് വരികയാണ്. ഇവിടെ അതൊക്കെ ചെയ്തുകൂടെ? എന്തുകൊണ്ട് നമുക്ക് ഇതൊക്കെ ചെയ്തുകൂടാ; ഇവിടെ ആക്സിഡന്റ് കൂടിക്കൊണ്ടിരിക്കുകയല്ലേ. ഇപ്രാവശ്യം ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടും ആക്സിഡന്റ് കൂടിക്കൊണ്ടിരിക്കുകയല്ലേ; ഇതിനൊക്കെ നമുക്ക് നടപടിയെടുത്തുകൂടെ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞിരിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് ക്യാമറ സിസ്റ്റം സ്ഥാപിച്ചിരിക്കുന്നത് വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമേയുള്ളൂ. തിരുവനന്തപുരത്തെ പോലീസ് കൺട്രോൾ റൂമിലേക്ക് ബഹുമാനപ്പെട്ട അൽഫോൺസ് കണ്ണന്താനത്തെ ഞാൻ ക്ഷണിക്കുകയാണ്. അവിടെ പോയി പരിശോധിച്ചാൽ താങ്കൾക്ക് കാണാൻ സാധിക്കും സിറ്റിയ്ക്കകത്ത് ഇപ്പോൾ ക്രമീകരണം വന്നിട്ടുണ്ട്. ആരെങ്കിലും ട്രാഫിക് നിയമം ലംഘിക്കുന്നുണ്ടെങ്കിൽ അത് കൃത്യമായി മനസ്സിലാക്കിക്കൊണ്ട് നോട്ടീസ് കൊടുക്കാനുള്ള ക്രമീകരണം തിരുവനന്തപുരത്തുണ്ട്. ഇതുപോലെ മറ്റ് സിറ്റികളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പദ്ധതിയാണ് തയ്യാറായിക്കൊണ്ടിരിക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട അൽഫോൺസ് കണ്ണന്താനത്തിന്റെ നമ്പർ ഒരു പക്ഷേ പോലീസിന് അറിയാവുന്നതുകൊണ്ടായിരിക്കാം എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എം. ഹംസ : സർ, ആളോഹരി വാഹനങ്ങളുടെ എണ്ണം കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സംസ്ഥാനവും കേരളമാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങളുള്ള പ്രദേശങ്ങളിൽ ട്രാഫിക് പരിഷ്കാരങ്ങൾ വരുത്തുന്നതിനുവേണ്ടി റോഡുകളുടെ സാധ്യതയും വാഹനങ്ങളുടെ എണ്ണവും വച്ചുകൊണ്ട് ഓരോ സ്ഥലത്തും എതെല്ലാം തരത്തിലുള്ള ട്രാഫിക് നിയന്ത്രണങ്ങളാണ് വരുത്തേണ്ടതെന്നുള്ളത് സംബന്ധിച്ച് ഗവേഷണം നടത്താനും പഠനം നടത്താനും നിർദ്ദേശങ്ങൾ വയ്ക്കാനുമുള്ള ഒരു സംവിധാനം ഇന്ന് കേരളത്തിലുണ്ടോ; ഒറ്റപ്പാലം പോലുള്ള പ്രദേശങ്ങളിൽ അത്തരത്തിലുള്ള സംവിധാനങ്ങളില്ലാത്തതുകൊണ്ട് ആളുകൾ റോഡ് ബ്ലോക്ക് ചെയ്യാൻ ബുദ്ധിമുട്ടുകയും വാഹനങ്ങൾ മണിക്കൂറുകളോളം റോഡ് സ്തംഭിപ്പിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഇത്തരം പട്ടണങ്ങളെ ഗതാഗത യോഗ്യമാക്കാനും ട്രാഫിക് പ്രശ്നങ്ങൾ ഇല്ലാതാക്കാനും ആവശ്യമായ ഗവേഷണവും പഠനവും നടത്തി തീരുമാനങ്ങളെടുക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്ത് വാഹനങ്ങളുടെ വർദ്ധനവ് എല്ലാ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വാഹനങ്ങൾ പെരുകുന്നതനുസരിച്ച് റോഡുകളുടെ സൗകര്യം വർദ്ധിക്കുന്നില്ല. ഇത് നമ്മൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത്രയും

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾ കേരളത്തിൽ എവിടെ ഓടിക്കുമെന്നുള്ളത് ഒരു പ്രശ്നമാണ്. റോഡുകൾ സൗകര്യങ്ങളില്ലാത്ത പ്രശ്നം. അതിന്റെ ഭാഗമായി ഒറ്റപ്പാലത്ത് മാത്രമല്ല, എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലും ഈ പ്രശ്നം നേരിട്ടു കൊണ്ടിരിക്കുന്നുണ്ട്. ശാസ്ത്രീയമായ പഠനം ആവശ്യമില്ലാതെതന്നെ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളെല്ലാം ഗവൺമെന്റിന്റെ കൈവശമുണ്ട്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ചിട്ടുള്ള റിപ്പോർട്ടും സർക്കാരിന്റെ കൈവശമുണ്ട്. നാലായിരം പേരാണ് നമ്മുടെ സംസ്ഥാനത്ത് ശരാശരി അപകടങ്ങളിൽ മരണപ്പെടുന്നത്. 40,000-ത്തോളം പേർക്കാണ് ശരാശരി അപകടം സംഭവിക്കുന്നത്. ഇതിന്റെ എണ്ണത്തിൽ നേരിയ കുറവ് സംഭവിക്കുന്നുണ്ടെങ്കിലും ഇതൊരു തുടർ പ്രക്രിയയായി മാറിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപയാണ് നമുക്ക് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ട്രാഫിക് അപകടങ്ങൾ കുറച്ചുകൊണ്ടുവരാനുള്ള ട്രാഫിക് നിയമ ബോധവത്ക്കരണത്തിനുള്ള ധാരാളം പ്രവർത്തനങ്ങൾ ഇപ്പോൾ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും പോലീസ് വകുപ്പും ചേർന്ന് സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u> : സർ, ട്രാഫിക് ശാസ്ത്രീയമായി പരിഷ്കരിക്കുകയും അതിലൂടെ അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി നാറ്റ്പാക്ക് ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. റോഡിൽ സീബ്രാ ലൈൻ, സിഗ്നൽ ബോർഡ് ഇതൊക്കെ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ കേരളത്തിലാകെ പരസ്യത്തിന്റെ ബോർഡുകൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. പരസ്യ ബോർഡുകളെല്ലാം ഒഴിവാക്കി ട്രാഫിക്കിന് ആവശ്യമായ സിഗ്നൽ ബോർഡുകൾ സ്ഥാപിച്ച് സംസ്ഥാന വ്യാപകമായി ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി അവരുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരികയാണ്. ട്രാഫിക്കിന് പ്രയാസമുണ്ടാക്കത്തക്ക വിധത്തിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കാൻ പാടില്ലെന്ന നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. എവിടെയെങ്കിലും വാഹനങ്ങളുടെ സഞ്ചാരത്തിന് തടസ്സമായി നിൽക്കുന്ന ബോർഡുകളുണ്ടെങ്കിൽ അത് നീക്കം ചെയ്യാനുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്ന് സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കാം.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, വളരെ ഗുരുതരമായ ഒരു വിഷയമാണ് സഭ ഇപ്പോൾ ചർച്ച ചെയ്യുന്നത്. കേരളത്തിലെ വിദ്യാഭ്യാസമുള്ള നമുക്കുതന്നെ നമ്മൾ പ്രധാനപ്പെട്ടതാണെന്ന ഒരു ഈഗോ ഉണ്ട്. ട്രാഫിക് സെൻസിറ്റിവിറ്റി ഇല്ലാത്തവരാണ് നമ്മൾ. പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് സീബ്രാ ലൈനുകൾ വൈറ്റ് പെയിന്റ് അടിച്ചാൽ വളരെ കുറച്ച് ദിവസങ്ങൾ മാത്രമേ നിറമുണ്ടാകുകയുള്ളൂ. ബമ്പുകളുടെ സ്ഥിതിയും അതാണ്. അവിടെ ധാരാളം അപകടങ്ങൾ നടക്കുന്നുണ്ട്. ഒരു കാര്യം സർക്കാർ ശ്രദ്ധിക്കേണ്ടതുണ്ട്, വളരെ പണിപ്പെട്ട് നഗരങ്ങളിൽ പലയിടത്തും റോഡിന് വീതി കൂട്ടിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള സ്ഥലം കച്ചവടക്കാരുടെ ലൈനെന്ന പറഞ്ഞ് അവർ കയ്യേറും. അതാത് കച്ചവടക്കാർ അതിന്റെ മുമ്പിൽ സ്ത്രീകൾ നടന്നുപോയാൽ താഴെവീഴുന്ന രീതിയിൽ ചെറിയ ചങ്ങല കെട്ടിയിടുന്നു. അവരുടെ സെക്യൂരിറ്റിക്കാരുമുണ്ട്. ഇത് വാസ്തവത്തിൽ ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി വീതി കൂട്ടിയ സ്ഥലങ്ങളിൽ കച്ചവടം ചെയ്യുന്ന ആളുകൾ അവരുടെ കസ്റ്റമേഴ്സിന്റെ കാറ് ഇടുന്നതിനുവേണ്ടി ഉപയോഗിക്കുന്ന ഒരു ട്രെൻഡ് കേരളം മുഴുവനുണ്ട്. അത് വളരെ ഗുരുതരമാണ്. ഇത് അവിടെ നിൽക്കുന്ന പോലീസ് ശ്രദ്ധിക്കേണ്ടതാണ്. പോലീസിനെ കുറ്റം പറയുന്നതല്ല, മൊബൈൽ ഫോണുമായി ട്രാഫിക് ജംഗ്ഷനിൽ നിൽക്കുന്ന പോലീസിന് ശ്രദ്ധിക്കാൻ കഴിയില്ല. സത്യത്തിൽ കണ്ട സ്ഥലം ഞാൻ പറയുന്നില്ല. വലതെ കൈകൊണ്ട് ഫോൺ ചെയ്യുന്ന പോലീസ് ഞാൻ എം.എൽ.എ. ആയതുകൊണ്ട് ഇടതെ കൈകൊണ്ടാണ് എന്നെ സല്യൂട്ട് ചെയ്തത്. കാരണം വലതുകയ്യിൽ മൊബൈൽ ആയിപ്പോയി. ട്രാഫിക് ജംഗ്ഷനിൽ നിൽക്കുകയാണ്. ഇതിന് കർശനമായ നിർദ്ദേശം നൽകണം. അവരുടെ കണ്ണും കാതും അവിടെ ശ്രദ്ധിക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. ജി. കാർത്തികേയൻ പറഞ്ഞിട്ടുള്ള കാര്യം വളരെ പ്രധാനപ്പെട്ടതാണ്. റോഡ് വീതി കൂട്ടിയാൽ വീതി കൂട്ടിയ സ്ഥലം കച്ചവടക്കാർ കയ്യേറും. പിന്നെ വരുന്ന പ്രശ്നം, വീതി കൂട്ടിക്കഴിഞ്ഞാൽ പാർക്കിംഗിനു വേണ്ടി ഉപയോഗിക്കുമെന്നുള്ളതാണ്. എത്രത്തോളം റോഡ് വീതി കൂട്ടുന്നോ അവിടെയൊക്കെ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്ഥലമാണെന്ന് കണ്ട് യാത്ര ചെയ്യാനുള്ള റോഡുകളുടെ സൗകര്യം വളരെ കുറഞ്ഞുവരുന്ന സ്ഥിതിയും ഇതിന്റെ ഭാഗമായി ശ്രദ്ധയിൽപ്പെടുന്ന കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ച പ്രശ്നത്തിൽ എവിടെയെങ്കിലും അത്തരത്തിലുള്ള പ്രത്യേക കേസ്സുകളുണ്ടെങ്കിൽ പരിശോധിച്ച് കർശനമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കാം. അതുപോലെ ഡ്യൂട്ടിയിൽ നിൽക്കുന്ന പോലീസുകാർ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ലെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ട്രാഫിക് നിയന്ത്രിക്കുന്ന ആൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനുള്ള നടപടി സ്വീകരിക്കാം. ട്രാഫിക് ഡ്യൂട്ടിയിൽ നിൽക്കുന്ന ആളുകൾ യാതൊരു കാരണവശാലും മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം കൊടുക്കാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം സഹായകമാകുമെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ട്രാഫിക് രംഗത്ത് ഈ കാലഘട്ടത്തിൽ വലിയ മാറ്റവും ഏറ്റവും അത്യാധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുമൊക്കെത്തന്നെ പ്രയോജനപ്പെടുത്തുന്ന ഒരു കാലഘട്ടമാണ്. പ്രത്യേകിച്ച് മോ ആന്റ് ഓർഡറിൽ പറ്റാത്ത ഓഫീസർമാരെയാണ് പലപ്പോഴും ട്രാഫിക്കിലേയ്ക്ക് സ്ഥലംമാറ്റപ്പെടുന്നത്. അവർക്ക് ട്രാഫിക് നിയമങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക പരിജ്ഞാനം ഉണ്ടാകാറില്ല. അതുകൊണ്ട് ട്രാഫിക് നിയന്ത്രണത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ട്രാഫിക് ഡിപ്പാർട്ടുമെന്റിനെ സ്വതന്ത്ര പദവിയോടുകൂടിയ ഡിപ്പാർട്ടുമെന്റാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? ഇപ്പോൾ ലോ ആന്റ് ഓർഡറും ട്രാഫിക്കും അഡ്മിനിസ്ട്രേഷനും എല്ലാം ഒരുമിച്ചാണ് നീങ്ങുന്നത്. ഇതും രണ്ടാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ട്രാഫിക് മേഖലയിൽ പ്രവർത്തിക്കുന്നവരും ലോ ആന്റ് ഓർഡറിൽ പ്രവർത്തിക്കുന്നവരും ക്രൈംബ്രാഞ്ചിൽ പ്രവർത്തിക്കുന്നവരും സ്പെഷ്യൽ ബ്രാഞ്ചിൽ പ്രവർത്തിക്കുന്നവരുമെല്ലാം കഴിവുള്ള ആൾക്കാരാണ്. ഇതെല്ലാം പോലീസിന്റെ ഭാഗമായി പ്രവർത്തിക്കുന്നതായതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറ്റങ്ങളായി വരും. ലോക്കൽ പോലീസിൽ പ്രവർത്തിക്കുന്നവർ മാത്രമാണ് നല്ലവർ മറ്റുള്ളവരെല്ലാം മോശക്കാർ എന്നുള്ള നിലയിൽ ആ പണി ഒരു രണ്ടാംകിട പണിയായി ഗവൺമെന്റ് കാണുന്നില്ല. ട്രാഫിക്കിൽ പണിയെടുക്കുന്ന പോലീസുകാർ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. ഏറ്റവും കഠിനമായി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ട്രാഫിക് പോലീസുകാർ. എല്ലാ സമയത്തും നിതാന്ത ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്ന വിഭാഗമാണ് അവർ. എല്ലാ പ്രതിസന്ധിയിലും അവരാണ് പ്രധാനമനുഭവിക്കുന്ന ആളുകൾ. അതുകൊണ്ട് ട്രാഫിക് പോലീസിൽ പ്രവർത്തിക്കുന്ന പോലീസുകാരൊക്കെ കഴിവില്ലാത്തവരാണ്, മോശക്കാരാണെന്നുള്ള നിലയിൽ നമ്മൾ കണക്കാക്കുന്നത് ശരിയല്ല. അങ്ങനെ നിയമിക്കുന്ന പോലീസുകാർക്ക് ട്രാഫിക് നിയമങ്ങളെ സംബന്ധിച്ചുള്ള അവബോധമുണ്ടാക്കാനുള്ള പരിശീലനം സർക്കാർ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഇതുവരെ ഇതുപോലെ പ്രവർത്തിക്കുന്ന 51 പോലീസ് ഉദ്യോഗസ്ഥർക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട്, പൂനെ, എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ, ഹൈദരാബാദ് എന്നിവിടങ്ങളിൽ കൊണ്ടുപോയി പരിശീലനം കൊടുത്തിട്ടുണ്ട്. രണ്ട് ഡിപ്പാർട്ടുമെന്റാക്കി മാറ്റണമെന്നുള്ള ആവശ്യം ഇന്നത്തെ സ്ഥിതിയിൽ പ്രായോഗികമല്ല. ട്രാഫിക് വിംഗ് ശക്തിപ്പെടുത്തുകയാണ് ഈ കാര്യത്തിൽ ചെയ്യേണ്ടുന്ന കാര്യം. അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനെ ഇടതുകൈകൊണ്ട് സല്യൂട്ട് ചെയ്തത് എൽ.ഡി.എഫ്. ഭരിക്കുന്നതുകൊണ്ടായിരിക്കും. എന്റെ ചോദ്യം ട്രാഫിക്കിനെക്കുറിച്ചാണ്. അതിൽ പലപ്പോഴും കണ്ടുവരുന്നത് ശ്രീ. അൽഫോൺസ് കണ്ണന്താനം പറഞ്ഞതുപോലെ ട്രാഫിക് ഒഫൻസസ് നടക്കുന്നത് വണ്ടി തുറ്റ് ചെയ്യുമ്പോഴാണ്. നിർത്തിയിട്ടിരിക്കുന്ന വണ്ടിയിൽ അല്ല ട്രാഫിക് ഒഫൻസ് നടക്കുന്നത്. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന ഒരു പരിഷ്കാരം, പ്രത്യേകിച്ചും വിദേശരാജ്യങ്ങളിലുംമറ്റും പോയിക്കഴിഞ്ഞാൽ ഓടുന്ന വണ്ടി കാണിക്കുന്ന ഒഫൻസ് - റെക്ക്ലെസ്സ് ഡ്രൈവിംഗ്, റോങ്ങ് സൈഡ് ഓവർടേക്കിംഗ് ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ വാഹനങ്ങൾ ഫോട്ടോ ചെയ്ത് അവർ പിടിച്ച് ഫൈൻ ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. ഇവിടെ മറിച്ച് പതുങ്ങിക്കിടന്ന് വണ്ടിപിടിക്കുക, ആർ.സി. ബുക്ക് പരിശോധിക്കുക, ലൈസൻസ് പരിശോധിക്കുക, ഇൻഷ്വറൻസ് പരിശോധിക്കുക തുടങ്ങിയവയാണ്. ഇതല്ലല്ലോ ട്രാഫിക് പോലീസിന്റെ ഡ്യൂട്ടി. ഈ സിസ്റ്റം മാറ്റിക്കൊണ്ട് മൂവ് ചെയ്യുന്ന വണ്ടികളാണ് ട്രാഫിക് ഒഫൻസ് വരുത്തുന്നതെന്നുള്ളതുകൊണ്ട് പോലീസ് മൊബൈൽ യൂണിറ്റുകൾ ധാരാളമുണ്ട്. അതിലെ പോലീസ് ഉദ്യോഗസ്ഥരും ട്രാഫിക് ഉദ്യോഗസ്ഥരും മൂവ് ചെയ്തുകൊണ്ടുതന്നെ ഈ ഒഫൻസുകൾ കണ്ടെത്തി നടപടിയെടുക്കാനും അവരെ ഫൈൻ ചെയ്യാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, പാശ്ചാത്യ രാജ്യങ്ങളിലുള്ള സൗകര്യങ്ങളൊന്നും നമുക്ക് ലഭ്യമല്ല. ഉള്ള സൗകര്യങ്ങൾ വച്ചുകൊണ്ടും ഉള്ള റോഡുകളുടെ സൗകര്യങ്ങൾ നോക്കിയിട്ടുമാണ് പോലീസ് ക്ലേശകരമായ ചില ഉത്തരവാദിത്തങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായിട്ട് പണ്ടു വന്നതുപോലെ ക്രമാനുഗതമായ ഒരു വർദ്ധനവ് ട്രാഫിക് അപകടങ്ങളുടെ കാര്യത്തിൽ ഇല്ലാതെ മരണ സംഖ്യ കുറച്ചുകൊണ്ടുവരാൻ സാധിക്കുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ഹൈവേ സുരക്ഷയ്ക്ക് വേണ്ടി 42 ഹൈവേ പട്രോൾ പാർട്ടിയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ഗണേഷ്കുമാർ പറഞ്ഞ രീതിയിലുള്ള ഉദ്ദേശത്തോടുകൂടിയാണ് ഹൈവേ പട്രോൾ യൂണിറ്റ് ഉണ്ടാക്കിയിട്ടുള്ളത്. അങ്ങനെ നടക്കുന്നുണ്ടോയെന്നുള്ള കാര്യം പരിശോധിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ തരത്തിൽ അതിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ സർക്കാർ തയ്യാറാണ്.

<u>ശ്രീ. വി. എൻ. വാസവൻ</u> : സർ, ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കുട്ടിപ്പോലീസിന്റെ സേവനം പ്രയോജനപ്പെടുത്താം. കോട്ടയത്ത് സംസ്ഥാന സ്കൂൾ കലോൽസവം നടക്കുമ്പോൾ ആയിരത്തോളം വിദ്യാർത്ഥികൾ കുട്ടിപ്പോലീസിന്റെ വേഷമണിഞ്ഞ് നല്ല രൂപത്തിൽ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്ന അനുഭവം ഉണ്ടായിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ കഴിയുന്നതാണ്. അതോടൊപ്പംതന്നെ സർവ്വൈലൻസ് ക്യാമറകൾ സ്ഥാപിച്ച് എല്ലാ പ്രദേശത്തും വാഹനങ്ങളുടെ സ്പീഡ് നിയന്ത്രിക്കാനും ട്രാഫിക് നിയമത്തിൽ മെച്ചമായ സംവിധാനമുണ്ടാക്കാനും കഴിയുമോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അതാണ് ബഹുമാനപ്പെട്ട വി.എൻ. വാസവൻ കുട്ടിപ്പോലീസ് എന്നതുകൊണ്ട് ഉദ്ദേശിച്ചതെന്ന് കരുതുന്നു. ഈ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സിസ്റ്റം 140 സ്കൂളുകളിലാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. അത് മറ്റ് സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം സർക്കാരിന് കൂടുതലായി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ അവരുടെ പഠനത്തെക്കൂടി കണ്ടുകൊണ്ടാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രവർത്തിക്കുന്നത്. പഠന

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് അവരെ ഇത്തരത്തിലുള്ള ഉത്തരവാദിത്തം ഏൽപ്പിക്കാൻ സാധിക്കില്ല. പഠനമില്ലാത്ത ചില പ്രത്യേക സമയങ്ങളിൽ എന്തെങ്കിലും ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയെന്നതാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. റഡാർപോലുള്ള മറ്റ് സംവിധാനങ്ങൾ സർക്കാർ ഇപ്പോൾതന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, അങ്ങ് ഇവിടെ കൊണ്ടുവന്ന നടപടികളൊക്കെ സ്വാഗതാർഹമാണ്. കൂടുതൽ പേരെ നിയമിക്കുന്നതൊക്കെ സ്വാഗതാർഹമാണ്. ട്രാഫിക് ഒഫൻസ് നടക്കുമ്പോൾ പോലീസുകാർ കയ്യുംകെട്ടി നോക്കിനിൽക്കുകയാണ്. ബസ്സുകളുടെ മൽസരയോട്ടവും ബസ് സ്റ്റാന്റുകളിൽ ബസ്സുകൾ റോഡിന് കുറുകെ നിർത്തുക, വേറൊരു ബസ് ഓവർടേക്ക് ചെയ്ത് പിന്നിൽ ട്രാഫിക് ബ്ലോക്ക് സൃഷ്ടിക്കുക ഇങ്ങനെ നടക്കുമ്പോൾ പോലീസുകാർ ഒന്നും ചെയ്യാതെ നോക്കിനിൽക്കുന്ന അവസ്ഥയുണ്ട്. ഒരുപക്ഷേ അവരെ പിടിച്ചുകഴിഞ്ഞാൽ എന്തെങ്കിലും സംഭവിക്കുമോയെന്നുള്ള പേടികൊണ്ടാണോയെന്ന് എനിക്ക് അറിയില്ല. ഇതിന് മാറ്റം വരുത്താൻ എന്തെങ്കിലും ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ട്രാഫിക് നിയമം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണ് ട്രാഫിക് പോലീസുകാരെ നിയമിച്ചിട്ടുള്ളത്. അവർ ആരേയും തൊപ്പൊടേണ്ടതായിട്ടില്ല. നിയമത്തിന് വിധേയമായി മാത്രമാണ് അവർ പ്രവർത്തിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റ് അത് പ്രത്യേകം പരിശോധിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

4(*34) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എഞ്ചിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly